# സായീ സന്ദേശം 123

**പ്രഫസർ അനിൽകുമാർ**

**2021 ഡിസംബർ 30**

## തത്വമസി (THAT THOU ART)

ഓം ശ്രീ സായിരാം!

പ്രശാന്തിസന്ദേശം 123-ാം ഉപാഖ്യാനത്തിലേക്ക് സ്വാഗതം.

ഇന്നത്തെ വിഷയം 'നിങ്ങൾ അതാകുന്നു'(That thou art- Yor are That)-**തത്വമസി** –എന്നതാണ്. ഇതാണിന്നത്തെ വിഷയം. 'തത് ത്വം അസി' , 'നിങ്ങൾ അതാകുന്നു'(Yor are That)പോലുള്ളവ മഹാവാക്യങ്ങളാണ്, അഥവാ വേദശാസനങ്ങളാണ്. അതുകൊണ്ട്, ഞാൻ തത്വമസിയെക്കുറിച്ച് ഏതാനും കാര്യങ്ങൾ പറയട്ടെ.




നാം വായനയിലൂടെ, ശ്രവണത്തിലൂടെ അഥവാ നിരീക്ഷണത്തിലൂടെ നിരവധി കാര്യങ്ങൾ ഗ്രഹിക്കുന്നു. ഇതെല്ലാം അറിവാണ്. വ്യാവഹാരിക ജ്ഞാനം, ഭൗതിക അറിവ്, ലൗകികജ്ഞാനം ഇവയൊക്കെ നമ്മുടെ ജിവിതത്തിന് , വൈയക്തികമായ നമ്മുടെ ജീവിതം നയിക്കുന്നതിന്, സമൂഹത്തിലെ ഒരു അംഗം എന്ന നിലയ്ക്ക്, പൊതുവേ പ്രയോജനകരമാണ്. അതുകൊണ്ട്, അറിവ് വളരെ ആവശ്യമുള്ളതാണ്. അറിവ് ശക്തിയാണ്. എന്നാൽ, ഇതിന് മറ്റൊരു മാനവുമുണ്ട്.

അറിയുക എന്നത് ആയിത്തീരലാണ്. നാം അറിയേണ്ടത് ആയിത്തീരുന്നതിനുവേണ്ടിയാവണം. 'ആയിത്തീരുന്നതിന്' എന്നതുകൊണ്ട് എന്താണ് നിങ്ങൾ അർത്ഥമാക്കുന്നത്? ആയിത്തീരലെന്നാൽ സത്ത( Being)യാണ്, പ്രജ്ഞ(consciousness), ആത്മാവ്(Self) ആണ്. അതുകൊണ്ട്, ഈ അറിവെല്ലാം സത്തയെ അറിയുന്നതിനുവേണ്ടിയാണ്. അപ്പോളത് ആദ്ധ്യാത്മികവിദ്യ അഥവാ ആത്മവിദ്യ, ആത്മാവിനെക്കുറിച്ചുള്ള അറിവായിത്തീരുന്നു.

ഇപ്രകാരം, നമ്മുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട അറിവ് ലൗകികവിദ്യ അഥവാ ലൗകികജ്ഞാനം(worldly knowledge), ഭൗതികജ്ഞാനം(Material knowledge), വ്യാവഹാരിക ജ്ഞാനം(secular knowledge) എന്നിങ്ങനെ അറിയപ്പെടുന്നു, ശാസ്ത്രങ്ങളും കലകളും മറ്റെല്ലാ രൂപത്തിലുമുള്ള അറിവുകളും ഇതിൽ ഉൾപ്പെടുന്നു.

എന്നാൽ, ഇതിന്റെ മറുവശമുണ്ട്, നാം ആയിത്തീരുന്നതിനുവേണ്ടിയുള്ള അറിവാണത്(we come to know only to be). 'ആയിത്തീരലെ'ന്നാൽ സത്ത(Being)യെ, നമ്മുടെ അന്തരാത്മാവിനെ(inner Self) അറിയുക എന്നതാണ്. ആദ്ധ്യാത്മികദൃഷ്ടിയിൽ, നമ്മുടെ ആന്തരസത്തയെ നമുക്ക് അറിയില്ലെങ്കിൽ, നമുക്ക് എത്ര കാര്യങ്ങൾ




അറിയാം എന്നത് വിഷയമേയല്ല, മറ്റെല്ലാം അപ്രസക്തമാണ്.

എന്താണ് ശരിയായ വളർച്ച? ഒരുവൻ ശാരീരികമായി വളർന്നേക്കാം, ഭാരം കൂടിയെന്നുവരാം. അത് വളർച്ചയേ അല്ല. അഥവാ, ഒരാൾ നിരവധി ബിരുദങ്ങൾ സമ്പാദിച്ചുവെന്നുവരാം, തന്റെ മന:ശേഷി കാട്ടിയെന്നുവരാം. എന്നാൽ മാനസികവളർച്ച( mental growth)അല്ല പരമമായ സംഗതി. ഇന്ന് നമുക്ക് എത്ര അറിവ് വേണമെങ്കിലും മെമ്മറി സ്റ്റിക്കുകളിലും മറ്റും ശേഖരിച്ചുവയ്ക്കുന്നതിന്, ഓർക്കുന്നതിന് ശേഷിയുള്ള

കമ്പ്യൂട്ടറുകളുണ്ട്. അതെ. നമുക്കിവിടെ നിരവധി സംവിധാനങ്ങളുണ്ട്. അതുകൊണ്ട്, മാനസികവളർച്ചയാണ് ശരിയായ വളർച്ച എന്നും പറയാനാവില്ല.

അപ്പോൾ, എന്താണ് യഥാർത്ഥ വികാസം? യഥാർത്ഥ വികാസമെന്നത് ആദ്ധ്യാത്മിക വികാസമാണ്. ആദ്ധ്യാത്മികവളർച്ചയില്ലെങ്കിൽ നമ്മുടെ അറിവ് ഒരു ഭാരമാണ്. അറിവ് വലിയ ഭാരമുള്ളതാണ്. അതിന്റെ പരമമായ ഉദ്ദേശ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല. അതിനാൽ, ആദ്ധ്യാത്മികവളർച്ചയാണ് ശരിയായ വളർച്ച. നമ്മുടെ പ്രജ്ഞ(consciousness) വികസിക്കണം. പൊരുളിനെക്കുറിച്ചുള്ള അവബോധം(awareness of beingness) വികസിക്കണം. നാം വെറുതേ അറിയുന്നതിനേക്കാളും, പരിധിയില്ലാത്ത അറിവിലേക്ക് പോവണം.

ഇനി, ഇതുമായി ബന്ധപ്പെട്ട് ഞാൻ നിങ്ങളോട് പറയട്ടെ, ഒരു മാസ്റ്ററുമായി, ഗുരുവുമായി, അവതാരവുമായി, മഹാത്മാവുമായി, ഒരു പരമാചാര്യരുമായി അഥവാ ജഗത്ഗുരുവുമായുള്ള സംസർഗം വളരെ അത്യന്താപേക്ഷിതമാണ്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ, അവിടുന്ന് നിങ്ങൾക്ക് മാർഗനിർദ്ദേശം നൽകുന്നു. ആദ്ധ്യാത്മികപാതയിൽ ഒരു ഗുരുവിന്റെ ആവശ്യകത മുൻപ്രഭാഷണങ്ങളിൽ നാം ചർച്ച ചെയ്തതാണ്.



ഗുരുവായ ആചാര്യപാദരുടെ ആജ്ഞയനുസരിച്ച് നദി തരണം ചെയ്യുന്ന പത്മപാദർ

ഇപ്പോൾ, ചോദ്യം ഇതാണ്: ഒരു ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം, അടുപ്പമുള്ളവർ തമ്മിൽ നാം കാണാറുള്ള മാതിരി, ഒരു ശാരീരികബന്ധം അല്ല. ഒരു അമ്മയും മകനും തമ്മിലുള്ള ബന്ധം ഒരു ശാരീരികബന്ധമാണ്. കാമുകനും കാമുകിയും തമ്മിലുള്ള ബന്ധം ശാരീരികമായ ബന്ധമാണ്, അതൊരു ലൗകികമായ ബന്ധമാണ്. എന്നാൽ, ഒരു ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം ഒരു ആദ്ധ്യാത്മികമായ ബന്ധമാണ്, ആത്മാക്കളുടെ ഒരു സംഗമമാണത്. അതൊരു ആദ്ധ്യാത്മിക ബന്ധമാണ്. ഞാനത് വ്യക്തമായി പ്രസ്താവിച്ചുകൊള്ളട്ടെ. മറ്റുരീതിയിൽ പറയുകയാണെങ്കിൽ, ഭൂമിയിൽ, ഈ ഗുരു-ശിഷ്യ ബന്ധം മാത്രമാണ് അഭൗമമായ ഒരേയൊരു ബന്ധം. ഈ ബന്ധം അഭൗമമാണ്, നാം ഭുമിയിലാണ് വസിക്കുന്നതെങ്കിലും. അതാണ് ഒരു ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധം.

അതുകൊണ്ട്, നാം ഒത്തിരി അറിവ് സമ്പാദിച്ചതുകൊണ്ടു മാത്രമായില്ല, അപ്പോളും നാം അജ്ഞരായി തുടർന്നേക്കാം. സാധ്യമായ സകല ബിരുദങ്ങളും നേടിയാലും, നാം അപ്പോളും അറിവില്ലാത്തവരായി തുടർന്നേക്കാം. അതിനാൽ, ശരിയായ അറിവ് ഗൂഢജ്ഞാനമാണ്(esoteric knowledge), ആദ്ധ്യാത്മികജ്ഞാനമാണ്(spiritual knowledge), അത് അത്യന്താപേക്ഷിതമാണ്. ഈ ഗൂഢജ്ഞാനം ഏതാണ്ട് രഹസ്യ മായതും സ്വകാര്യമായതുമാണ്, ഓരോ ശിഷ്യനും ഗുരുവിനാൽ വെളിവാക്കപ്പെടുന്ന താണ്. ഉപനയിക്കപ്പെട്ടവരെ(the initiated) ഉദ്ദേശിച്ചുള്ളതാണത്. ഒരു മാസ്റ്ററുടെ അഥവാ ഗുരുവിന്റെ ആവശ്യകത ഇവിടെയാണ്.

അറിവ് സമ്പാദിക്കുന്നതിനുള്ള മറ്റ് മാർഗങ്ങളിൽ, നാം ഗുരുവിനൊപ്പം മറ്റുള്ളവരു മായി ചേർന്നാണ് പഠിക്കുന്നത്. എന്നാൽ, ഞാൻ 'ജ്ഞാനപ്രക്രിയ'(knowing process) എന്നു വിളിക്കുന്ന ഇതിൽ നിങ്ങൾ ഒറ്റയ്ക്കാണ്. അറിയുന്നതിന്, നിങ്ങൾ ഒറ്റയ്ക്കാണ്. ഇത് വളരെ പ്രധാനമാണ്. പക്ഷേ, ആശയവിനിമയ(communication) ത്തിന്റെ കാര്യത്തിൽ, നിങ്ങൾ അറിഞ്ഞത് ആശയവിനിമയം നടത്തുമ്പോൾ, മറ്റൊ രാൾ ആവശ്യമാണ്. ആശയവിനിമയത്തിന് മറ്റൊരാൾ വേണം, എന്നാൽ ജ്ഞാനപ്ര ക്രിയ തികച്ചും വൈയക്തികവും. ഈ അറിയുന്നത്, നമ്മുടെ അക്കാദമിക ജീവിതം പോലെ, ഒരു നിശ്ചിത കാലയളവിലേക്കല്ല. അല്ല. ഈ ജ്ഞാനപ്രക്രിയ ഒരു നദിപോ ലെയാണ്. അതൊരു അനുസ്യൂത പ്രക്രിയയാണ്. അത് അന്തമില്ലാതെ തുടർന്നേ മതിയാവൂ.

നമ്മുടെ ആൾക്കാർ *പാരായണം* പോലെയുള്ള ശാസ്ത്രഗ്രന്ഥപഠനം ചെയ്യുന്നത് ഒഴി ച്ചുകൂടാനാവാത്ത ഒന്നായി കരുതുന്നതിന്റെ കാരണം ഇതാണ്. അവർ ജപവും ആരാ ധനയും ഒക്കെ ചെയ്യുന്നു. ഇവയൊക്കെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതാണ്. ഇതൊക്കെ നിങ്ങൾ ഒറ്റയ്ക്കാണ് ചെയ്യുന്നത്. നിങ്ങൾ ഏകാന്തരാണ്. അതുകൊണ്ട്, അവസാന ദിവസംവരെ നാം ഇതൊക്കെ അനുഷ്ഠിക്കണം, എന്തുകൊണ്ടെന്നാൽ ജ്ഞാനപ്ര ക്രിയ നിത്യതയിലേക്കുള്ള നൈരന്തര്യങ്ങളിലൊന്നാണ്.

ഇനി, ഈ ജ്ഞാനസമ്പാദനമാർഗത്തിൽ, അന്വേഷിയായ ഒരുവന് നിരവധി സംശയ ങ്ങൾ ഉണ്ടാവും എന്നാണ് ആളുകൾ കരുതുന്നത്. അയാളിൽ ഒത്തിരി ഒത്തിരി സംശ യങ്ങൾ അങ്കുരിക്കും. എന്നാൽ, പകരമായി ഞാൻ നിർദ്ദേശിക്കുന്നത് ഈ മാർഗമാ ണ്. ഭാരതത്തിലെ പുരാതനരീതിയെന്നത്, ഗുരുവും ശിഷ്യനും തമ്മിലുള്ള ആശയവി നിമയം ഒരു **പ്രാർത്ഥനയോടെ ആരംഭിക്കുക** എന്നതാണ്.

*"സഹനാ വവതു
സഹനൗ ഭുനക്തു
സഹവീര്യം കരവാവഹൈ
തേജസ്വിനാവധീതമസ്തു
മാ വിദ്വിഷാവഹൈ"*

അതൊരു പ്രാർത്ഥനയോടെയാണ് ആരംഭിക്കുന്നത്. "നമുക്ക് ഒരുമിച്ച് പഠിക്കാം, നമുക്ക് ഒരുമിച്ച് വളരാം". അതുകൊണ്ട്, ഈ ഭാവത്തോടെ, ഈ ആദ്ധ്യാത്മികപഥം, ഈ ജ്ഞാനസമ്പാദനം ഒരു പ്രാർത്ഥനയോടെ ആരംഭിക്കണം. നിങ്ങൾക്ക് എന്തെ




ങ്കിലും സംശയങ്ങൾ ഉണ്ടാവുന്നതിനുമുമ്പേ, പ്രാർത്ഥനയോടെ ആരംഭിക്കുക, കാരണം നിങ്ങൾ അറിയാനായി ആഗ്രഹിക്കുന്നു. അതാണ് ശരിയായ അന്വേഷണം. നേരായ അന്വേഷണം വിനീതമായ പ്രാർത്ഥനയോടെയാണ് ആരംഭിക്കുന്നത്. ഞാൻ പ്രാർത്ഥനയോടെ തുടങ്ങുന്നില്ലെങ്കിൽ അതിന്റെയർത്ഥം, നിങ്ങൾ വളരെ അഹംഭാവിയും വളരെ ഗർവ്വുള്ളയാളുമാണ് എന്നു മാത്രമാണ്. അങ്ങനെയെങ്കിൽ, നിങ്ങൾക്കുള്ള സംശയംതന്നെ ഒരു രോഗമാണ്. അത്രമാത്രം.

അന്വേഷണത്തിനായി, നാം പ്രാർത്ഥനാഭരിതരാവണം. ഈ പ്രാർത്ഥന നമ്മുടെ ഹൃദയത്തിൽനിന്ന് വരണം. നാം പ്രാർത്ഥനാഭാവത്തിലാവണം. ഇത് വളരെ ആവശ്യമുള്ളതും ഒഴിവാക്കാനാവാത്തതുമാണ്. തന്നെയുമല്ല, നമുക്ക് ഒരു സംശയം ഉണ്ടായാൽ-അത് ന്യായമായതാണെങ്കിൽ -അത് തീർച്ചയായും എല്ലാ നിലവാരത്തിലും ഒരു നല്ല ലക്ഷണമാണ്. അത്യാവശ്യമുള്ള സംഗതി ഇതാണ്-സംശയം ഒരു ഉപാധിയാണ്. ദയവായി ഇത് ശ്രദ്ധിച്ചാലും: സംശയം ഒരു മാർഗമാണ്, വിശ്വാസം പരിസമാപ്തിയും.



അതുകൊണ്ട്, നാം വിശ്വാസത്തിൽ കേന്ദ്രീകൃതരായിരിക്കുന്നതിനാൽ നമ്മുടെ മനസ്സ് തുറക്കുന്നത് വിശ്വാസമാണ്, നേരെമറിച്ച് സംശയം നമ്മുടെ മനസ്സിനെ പൂട്ടുന്നു. സംശയം ഒരു സമാപ്തി പ്രക്രിയയാണ്, സംശയം സ്വയം വിനാശകമാണ്, ചിലപ്പോൾ ആത്മഹത്യാ

പരവും. ഈ സംശയം കാരണം, നിങ്ങളിലെ സംശയാലുവായ തോമാ മിഴി തുറക്കുന്നില്ല. നിങ്ങൾ ഉത്തരത്തിനായി തയ്യാറല്ല, കാരണം നിങ്ങൾ അടുത്ത സംശയത്തിനായി തയ്യാറെടുക്കുകയാണ്. നിങ്ങൾ അടുത്ത ചോദ്യത്തിനായി തയ്യാറെടുക്കുകയാണ്!

ഞാൻ പറഞ്ഞതുപോലെ, നിങ്ങൾ എന്തെങ്കിലും സംശയം പ്രകടിപ്പിക്കുന്നതിനു മുമ്പേ പ്രാർത്ഥന അത്യന്താപേക്ഷിതമാണ്. നിങ്ങൾ ആരംഭിക്കുന്നതിനുമുമ്പേ, ആഴത്തിൽ അന്വേഷിക്കുക. പ്രാർത്ഥന ആവശ്യമാണ്. എന്തുകൊണ്ട്? പ്രാർത്ഥന അവശ്യം വേണ്ടതായ ഗുണങ്ങളെ പുറത്തുകൊണ്ടുവരുന്നു- സ്വീകാരക്ഷമത, ഉല്ലാസം പോലും. നിങ്ങൾ തുറന്നവരും അന്വേഷികളുമാവുന്നു. ഇവിടെ നിങ്ങളുടെ ചോദ്യം ചെയ്യൽ ജിജ്ഞാസ കൊണ്ടല്ല; അത് നിശ്ചയമായും ആത്മാർത്ഥമായ ആരായലാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്.




ഇതുമായി ബന്ധപ്പെട്ട്, നമുക്ക് മൂന്ന് ബോധാവസ്ഥക(states of consciousness)ളുണ്ട്. ഒന്ന് ഉണർന്നിരിക്കുന്ന **ജാഗ്രത്** അവസ്ഥ. ഈ അവസ്ഥയിൽ, നിങ്ങൾക്ക് അറിയാവുന്നപോലെ, നമുക്ക് ഇതു മൂന്നും ഉണ്ട്- മനസ്സ്, ശരീരം, ആത്മാവ് (**M**ind, **B**ody and **A**tma -**MBA**). അങ്ങനെ, ഉണർന്നിരിക്കുന്ന അവസ്ഥയിൽ, ഇത് മൂന്നും പ്രവർത്തിക്കുന്നുണ്ട്. ഇതെക്കുറിച്ച് കൂടുതലായൊന്നും നമ്മൾ പറയേണ്ടതില്ല, എന്തുകൊണ്ടെന്നാൽ ഇത് നമ്മുടെ നിമിഷം തോറുമുള്ള അനുഭവമാണ്.

ഇനി അടുത്ത അവസ്ഥ വരുന്നു, സ്വപ്നാവസ്ഥ(Dreaming state). സ്വപ്നാവസ്ഥയിൽ ഇത് രണ്ടും മാത്രമേ അവശേഷിക്കുന്നുള്ളൂ-മനസ്സ്, ആത്മാവ് (**M**ind, **A**tma -**MA**). ഈ സ്വപ്നാവസ്ഥയിൽ, ഞാൻ നിങ്ങളോട് തുറന്നുപറയട്ടെ, സ്വപ്നമാണ് നിങ്ങളെക്കുറിച്ച് കൂടുതലായി കാട്ടിത്തരുന്നത്. നാം നമ്മുടെ എല്ലാ സ്വപ്നങ്ങളും പറയുന്നതിന് വിമുഖതയുള്ളവരാണ്. നാം നിശ്ശബ്ദരായിരിക്കാൻ ഇഷ്ടമുള്ളവരാണ്. അവയെ വൈയക്തികമായി സൂക്ഷിക്കാനാണ് നമുക്ക് താത്പര്യം, എന്തുകൊണ്ടെന്നാൽ ഇതിൽ നിരവധി സ്വപ്നങ്ങൾ പറയാൻ കൊള്ളാത്തവയാണ്.

അതിനാൽ, ആ സ്വപ്നങ്ങളാണ് നിങ്ങളെപ്പറ്റി കൂടുതലായി പറയുന്നത്. നിങ്ങൾക്ക് ഉണ്ടാവുന്ന സ്വപ്നത്തിന്റെ തരം, ബിസിനസ്സ് സ്വപ്നമാവട്ടെ, രാഷ്ട്രീയ സ്വപ്നമാവട്ടെ, അഥവാ തൊഴിൽപരമായതോ ശാരീരികമോ ആയ സ്വപ്നമാവട്ടെ, എന്തുതന്നെയായാലും, അത് നിങ്ങളെപ്പറ്റി പറയുന്നു. ഒരു സ്വപ്നത്തിൽ ഒന്നും തന്നെ ഒളിക്കാനോ വഞ്ചിക്കാനോ കാപട്യം അഥവാ കൃത്രിമം കാണിക്കാനോ ആർക്കും കഴിയില്ല, എന്നാൽ **ജാഗ്രദവസ്ഥ**യിൽ, എനിക്ക് നിങ്ങളോട് കൃത്രിമം കാട്ടാം, എനിക്ക് നിങ്ങളെ നിയന്ത്രിക്കാം. എന്നാൽ, ഒരു സ്വപ്നത്തിൽ ഇപ്രകാരം ഒന്നുംതന്നെ എനിക്ക് സാദ്ധ്യമല്ല.




**സ്വപ്നാവസ്ഥ**യിൽ നാം വളരെ നിഷ്കളങ്കരാണ്. നമുക്ക് പദവി, ബിരുദം പോലെയുള്ള മുഖപടമൊന്നുമില്ല. എനിക്ക് എന്റെ സ്വപ്നത്തെ പരിഷ്കരിക്കാനൊന്നുമില്ല. ഇല്ല. എനിക്കതിനെ മിനുക്കാനാവില്ല. അതിനാൽ, ആ സ്വപ്നം തികച്ചും നഗ്നവും ആധികാരികവുമാകുന്നു. ആയതിനാൽ, ഒരു സ്വപ്നത്തിൽ എന്റെ പങ്കാളിത്തം കുറവാണ്. ഞാൻ കർത്താവല്ല. ഞാൻ കേവലം നിരീക്ഷകൻ മാത്രം. ഇതാണ് സ്വപ്നാവസ്ഥയെ സംബന്ധിച്ച് പറയാനുള്ളത്.

നിങ്ങൾക്കറിവുള്ളതുപോലെ, ഈശ്വരൻ ഒരിക്കലും ഭയത്തിൽനിന്ന് ജനിക്കുന്നില്ല. ഈശ്വരൻ പ്രജ്ഞ(consciousness)യാണ്. ഈശ്വരൻ പ്രേമ(Love)മാണ്. പ്രാർത്ഥനയിലൂടെയാണ് നമുക്ക് ഈശ്വരനുമായി ബന്ധപ്പെടാനാവുന്നതും അസ്തിത്വത്തിന്റെ പ്രകൃതത്തിന്റെ സൂചനയെങ്കിലും ലഭിക്കുന്നതും. അതുകൊണ്ട്, ഈശ്വരനുമായുള്ള ബന്ധമെന്നത് തികച്ചും വ്യക്തിഗതമാണ്, അത് പ്രേമത്തെ, പ്രാർത്ഥനയെ, അനുഭവത്തെ ആധാരമാക്കിയാണ്. ഇങ്ങനെ, ഒരു സ്വപ്നത്തിൽ, പ്രേമം, പ്രാർത്ഥന, നിങ്ങൾക്ക് സ്വയം ലഭിച്ച മിന്നൊളി, ഈ കാര്യങ്ങളെല്ലാം സംഭ

വിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്യാം. പക്ഷേ, ജാഗ്രദവസ്ഥയിൽ, നിങ്ങൾക്ക് തീർച്ചയായും സ്വയം പ്രേമിക്കാം, പ്രാർത്ഥിക്കാം, അസ്തിത്വത്തിന്റെ പ്രകൃതത്തിന്റെ മിന്നൊളി ദർശിക്കാം.

ഇനി, മൂന്നാമതൊരു അവസ്ഥയുണ്ട്, അതിനെ നാം **സുഷുപ്തി** , അഗാധനിദ്രയുടെ അവസ്ഥ(deep sleep state) എന്നാണ് വിളിക്കുക. സുഷുപ്തിയിൽ, നിങ്ങൾ ഒരു സാക്ഷി(witness)യായി നിലകൊള്ളണം. ഇവിടെ, '**A**' (ആത്മാവ്)മാത്രമേ നില നിൽക്കുന്നുള്ളൂ.

അപ്പോൾ, **ജാഗ്രത്** അവസ്ഥയിൽ **MBA**(**M**ind- മനസ്സ്, **B**ody- ശരീരം, **A**tma- ആത്മാവ്), **സ്വപ്നാവസ്ഥ**യിൽ **MA**(**M**ind- മനസ്സ്, **A**tma- ആത്മാവ്), അവസാന മായി **സുഷുപ്തി** അഥവാ അഗാധനിദ്രയുടെ അവസ്ഥയിൽ **A**(**A**tma- ആത്മാവ്)മാത്രം. അഗാധനിദ്രാവസ്ഥയിൽ മനസ്സ് പിൻവലിക്കപ്പെടുന്നു. മനസ്സ് നിർവഹണപരമാവാതെ ഉദാസീനമാവുന്നു, നിഷ്ക്രിയമാവുന്നു.




എന്നാൽ, **തുരീയം** എന്നു വിളിക്കപ്പെടുന്ന നാലാമത്തെ അവസ്ഥ മനസ്സിനും അതീ തമാണ്. അതൊരു മനസ്സിന്റെ അവസ്ഥയല്ല. **തുരീയം** നിങ്ങളുടെ സ്വന്തം പ്രകൃതമാ

ണ്. **തുരീയം** നിങ്ങളുടെ സ്വന്തം പൊരുളാ(Being)ണ്. നാലാമത്തെ അവസ്ഥയാണ ത്. വാസ്തവത്തിൽ, എല്ലാ ബോധാവസ്ഥകളിലും തുടരുന്നത് തുരീയം അഥവാ നിങ്ങളുടെ സത്തയാണ്. **തുരീയം** ജാഗ്രത് അവസ്ഥയിലും സ്വപ്നാവസ്ഥയിലും അഗാധനിദ്രയുടെ അവസ്ഥയിലും ഉണ്ട്, അത് ഈ മൂന്നവസ്ഥകളെയും അതിക്ര മിച്ചും പോവുന്നു. അത് ഈ മൂന്നിലുമുണ്ട്, ഇവയ്ക്ക് ഉപരിയായതും അതീ ന്ദ്രിയവുമാണത്.

അതുകൊണ്ട്, ഞാനിപ്രകാരം പറയാം: ജാഗ്രത്, സ്വപ്നം, സുഷുപ്തി ഇവ മൂന്നും അവസ്ഥകളാണ്, എന്തുകൊണ്ടെന്നാൽ അവയ്ക്ക് മാറ്റം സംഭവിക്കാം. നിങ്ങൾക്ക് ഇവയെല്ലാം സ്വീകരിക്കാം, ഏതു സമയത്തും അവ മാറാം. അതെ. പക്ഷേ **തുരീയം** എന്ന നാലാമത്തെ അവസ്ഥയിൽ, യാതൊരു വിഭജനങ്ങളുമില്ല. യാതൊരു തടസ്സ ങ്ങളുമില്ല.

**തുരീയ**ത്തിൽ, നിങ്ങൾക്ക് ഒരുമ, ഏകത്വം(oneness)അനുഭവിക്കാവാനും. അതിനു കാരണം പ്രേമമാണ്, മതം അവിടെ ജനിക്കുന്നു. നാലാമത്തെ ഈ അവസ്ഥയിലാണ് മതത്തിന്റെ ഉത്ഭവം, അവിടെ എല്ലാത്തരം വിഭജനങ്ങളും അപ്രത്യക്ഷമാവുന്നു, അവിടെ ഏകത്വം അറിഞ്ഞ് അനുഭവിക്കാനാവുന്നു. മാറുന്ന അവസ്ഥകളായ ജാഗ്രത്, സ്വപ്നം, സുഷുപ്തി ഇവയിൽനിന്ന് വ്യത്യസ്തമായി, **തുരീയം** ഒരു അവസ്ഥയല്ല. നിങ്ങളുടെ സ്വന്തം പൊരുളാ(Being)ണ്, സ്വന്തം പ്രകൃതമാണ് അത്.(ഇവിടെ ചില പ്രസ്താവനകൾ ആവർത്തിച്ച് പറയുന്നത് എന്തുകൊണ്ടെ ന്നാൽ, അവ അത്രമേൽ പ്രധാനപ്പെട്ടവ ആയതിനാലാണ്).

ഇനി, നിങ്ങൾക്കറിയാം, നമുക്ക് 5 കോശങ്ങളുണ്ട്(five life sheaths- **പഞ്ചകോശങ്ങ ൾ**)-**അന്നമയകോശം, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം**. ഇവയാണ് ആ അഞ്ച് കോശങ്ങൾ. **തുരീയ**ത്തിൽ, ഈ അഞ്ച് കോശങ്ങളും തുറന്നിരിക്കുന്നു. ഈ **തുരീയ**ത്തിന്, ഒരു നിമിഷത്തേക്കെങ്കിലും, ഏറ്റവും പുറത്തെ കോശവുമായി ബന്ധപ്പെ




ടാനാവും. **അന്നമയകോശ**ത്തിന് നിങ്ങളെ **ആനന്ദമയകോശ**ത്തിലേക്ക് കൊണ്ടു പോകാനാവും. **തുരീയം** ഈ മൂന്ന് അവസ്ഥകളിലൂടെയും കടന്നുപോവുന്നു. അത് നിരന്തരമാണ്, അത് ബാഹ്യകോശമായ അന്നമയകോശവുമായി ഒരു നിമിഷത്തേ

ക്കെങ്കിലും ബന്ധപ്പെട്ടേക്കാം. അത് പ്രാണമയകോശവുമായി ബന്ധപ്പെട്ടേക്കാം. ഞാൻ പറഞ്ഞതുപോലെ, **തുരീയം** എല്ലാ അവസ്ഥകളിലൂടെയും കടന്നുപോവുന്നു, എന്തുകൊണ്ടെന്നാൽ, അത് നിങ്ങളുടെ നേർസത്ത( very being)യാണ്. അത് നിങ്ങളുടെ അകക്കാമ്പാണ്. അതുകൊണ്ടാണ് അത് ഈ മൂന്ന് അവസ്ഥകളുമായും ബന്ധപ്പെട്ടിരിക്കുന്നത്. ഈ പ്രകാശന( exposure)ത്തിൽ ഭൗതികമായതൊന്നും സംഭവിക്കില്ല. ദ്രവ്യം അലിഞ്ഞില്ലാതാവുന്നു. അനുഗ്രഹനിലയാണിത്, എല്ലാം ഒന്നായി കാണപ്പെടുന്ന അനുഗ്രഹം.

മറ്റുരീതിയിൽ പറഞ്ഞാൽ, ഞാൻ ഉദ്ദേശിക്കുന്നത് **തുരീയം,** നമ്മുടെ സത്തയുടെ പരമാവസ്ഥ, മൂന്ന് അവസ്ഥകളിലും സന്നിഹിതമാണ്, ഓരോന്നിനെയും സ്പർശിച്ചുകൊണ്ട്, എന്നിട്ടും വേറിട്ട് നിന്നുകൊണ്ട്. പ്രജ്ഞയുടെ ഈ നാല് തലങ്ങളുടെയും




യഥാർത്ഥ സൗന്ദര്യം ഇതിലാണ് കിടക്കുന്നത്. ക്ഷമിക്കണം, **തുരീയം** ഒരു അവസ്ഥയല്ല. നിങ്ങളുടെ പൊരുളാ(Being)ണ്. 'അവസ്ഥ' എന്ന പദം ഞാൻ ഉപയോഗിക്കുന്നുവെങ്കിൽ, അത് ഈ മൂന്നിനെയും മാത്രം സൂചിപ്പിക്കാൻ മാത്രമാണ്– ജാഗ്രത്, സ്വപ്നം, സുഷുപ്തി.

അതിനാൽ, നമുക്ക് പ്രേമശോഭയുള്ള ഒരു ജീവിതത്തിനായി പരിശ്രമിക്കാം, പ്രേമശോഭയുള്ളതെന്ന് പറയാൻ കാരണം, മതം പ്രേമശോഭയുള്ളതാവണം എന്നതാണ്. അഗാധസൗഹൃദത്തിൽ അധിഷ്ഠിതമാവണം അത്. അതെ, ഈശ്വരനുമായി ഒന്നാവു

ന്നതിനു തക്കവിധം, ആഴത്തിലുള്ള സൗഹൃദത്തിൽ. അപ്പോൾ മാത്രമേ അത് യഥാർത്ഥ മതമാവുകയുള്ളൂ. അവിടെ ആദരവോടെയല്ലാതെയുള്ള മാത്സര്യങ്ങളില്ല. ശരിക്കും മതാത്മകനായ ഒരു മനുഷ്യൻ ഒരിക്കലും ആരുമായും കലഹിക്കില്ല, മറ്റൊരുവനോട് ആദരവോടെയും പ്രണാമത്തോടെയുമല്ലാതെ.

എന്നാൽ നാം ഭയന്ന് ജീവിതം കഴിച്ചാൽ, നാം ഭൗതികലോകത്തിന്റെ തലത്തിലേക്ക്, ശാസ്ത്രത്തിന്റെ ലോകത്തിലേക്ക് താഴും, അവിടെ നമ്മൾ മത്സരിക്കാനാരംഭിക്കുന്നു. ശാസ്ത്രത്തിന്റെ ലോകത്തിൽ ഒത്തിരി സംഘർഷങ്ങളുണ്ട്, ആറ്റം ബോംബ്, നൈട്രജൻ ബോംബ് തുടങ്ങി, എന്തെല്ലാം കണ്ടുപിടുത്തങ്ങളാൽ ഒന്ന് മറ്റൊന്നിനെ ഉന്മൂലനം ചെയ്യാനായി ശ്രമിക്കുന്നു. ഇങ്ങനെ ഒന്ന് മറ്റൊന്നിനെ കീഴടക്കാനായി വെമ്പുന്നു. അവർ പ്രകൃതിയെപ്പോലും വെല്ലുന്നതിന് കൊതിക്കും! അവർ വിശ്വസിക്കുന്നത് മത്സരത്തിലും പിന്നെ കീഴടക്കുന്നതിലുമാണ്.



അതുകൊണ്ട്, ഞാൻ ഈ പ്രഭാഷണം സംഗ്രഹിക്കാം. മൂന്ന് ബോധാവസ്ഥകളുണ്ട്- **ജാഗ്രത്, സ്വപ്നം, സുഷുപ്തി**. നാലാമത്തേത് നിങ്ങളുടെ സത്തയാണ്. ഈ മൂന്ന് അവസ്ഥകളും **തുരീയവും** ചേരുന്നതാണ് നിങ്ങളുടെ ആത്മസത്ത, പ്രകൃതം.

ആ **തുരീയം** അഥവാ സത്ത ആയിത്തീരുന്നതിനായി നമുക്ക് ശ്രമിക്കാം. നമ്മുടെ പ്രജ്ഞ(consciousness)യായ, നമ്മുടെ സത്തയിൽ കൂടുതൽ വികസിക്കുന്നതിനായി നമ്മെ സഹായിക്കുന്ന ആ ജ്ഞാനം നമുക്ക് നേടാം. ഈ ബോധം വളരുമ്പോൾ, അതു മാത്രമത്രേ ആദ്ധ്യാത്മികവികാസം.

നിങ്ങളുടെ സമയത്തിനും ശ്രദ്ധയ്ക്കും നന്ദി. സായിരാം



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)